"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജീവനക്കാര്യം - ശ്രീമതി സുദർശ ആർ-ന് അഡീഷണൽ ഡയറക്ടർ തസ്തികയിലേയ്ക്ക് നൽകിയ പ്രൊവിഷണൽ പ്രൊമോഷൻ ക്രമീകരിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.198/2025/P&EA തീയതി,തിരുവനന്തപുരം, 13-05-2025

---

പരാമർശം:-
1. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ 11.04.2025 തീയതിയിലെ ഡിഇഎസ്/1218/2025-ഇബി1 നമ്പർ കത്ത്
2. സ.ഉ.(സാധാ)നം.98/2025/പ്ലാനിംഗ് തീയതി 18.03.2025
3. സ.ഉ.(പി)നം.5/2025/പി&ഇഎ തീയതി 03.04.2025

**<u>ഉത്തരവ്</u>**

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ അഡീഷണൽ ഡയറക്ടർ തസ്തികയിലേക്ക് സീനിയർ ജോയിന്റ് ഡയറക്ടർ ആയിരുന്ന ശ്രീമതി സുദർശ ആർ ന് പരാമർശം 2 പ്രകാരം പ്രൊവിഷണൽ പ്രൊമോഷൻ നൽകിയിരുന്നുവെന്നും, 2025 ലെ സെലക്ട് ലിസ്റ്റ് (ഹയർ) നിലവിലില്ലാതിരുന്നതിനാലും ടിയാൾ 30/04/2025 നു സേവനത്തിൽ നിന്നും വിരമിക്കും എന്ന സാഹചര്യം ഉള്ളതിനാലുമാണ് ജോയിന്റ് ഡയറക്ടർ തസ്തികയിൽ ഏറ്റവും സീനിയർ ആയിരുന്ന ശ്രീമതി സുദർശ ആർ - ന് പ്രൊവിഷണൽ പ്രൊമോഷൻ നൽകി ഉത്തരവായതെന്നും, പ്രസ്തുത ഉത്തരവനുസരിച്ച് 19-03-2025 പൂർവ്വാഹ്നം ടിയാൾ അഡീഷണൽ ഡയറക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും, തുടർന്ന് ടിയാളെ അഡീഷണൽ ഡയറക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള വിഭാഗത്തിൽ ഒന്നാമതായി ഉൾപ്പെടുത്തി പരാമർശം 3 പ്രകാരം സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതാണെന്നും മേൽ സാഹചര്യത്തിൽ ശ്രീമതി സുദർശ ആർ ന്റെ അഡീഷണൽ ഡയറക്ടർ തസ്തികയിലെ പ്രൊവിഷണൽ പ്രൊമോഷൻ ക്രമീകരിച്ച് ഉത്തരവാകണമെന്നും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ സീനിയർ ജോയിന്റ് ഡയറക്ടറായിരുന്ന ശ്രീമതി സുദർശ ആർ സർവീസിൽ നിന്നും വിരമിക്കുന്നതിന് ആറ് മാസത്തിൽ താഴെ മാത്രം ശേഷിച്ചിരുന്ന സാഹചര്യത്തിലും അഡീഷണൽ ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിനായുള്ള 2025 വർഷത്തെ സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ലാതിരുന്ന സാഹചര്യത്തിലുമാണ് ടിയാൾക്ക് പരാമർശം 2 പ്രകാരം പ്രസ്തുത തസ്തികയിൽ പ്രൊവിഷണൽ പ്രൊമോഷൻ നൽകിയിരുന്നത്. തുടർന്ന് ഡി.പി.സി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി സുദർശ ആർ നെ സെലക്ട് ലിസ്റ്റിൽ അഡീഷണൽ ഡയറക്ടർ തസ്തികയ്ക്കായുള്ള വിഭാഗത്തിൽ ക്രമ നമ്പർ 1 ആയി ഉൾപ്പെടുത്തിക്കൊണ്ട് പരാമർശം 3 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ശ്രീമതി.സുദർശ ആർ ന് പരാമർശം 2 പ്രകാരം അഡീഷണൽ ഡയറക്ടർ തസ്തികയിലേയ്ക്ക് നൽകിയ പ്രൊവിഷണൽ പ്രൊമോഷൻ 19-03-2025 പൂർവ്വാഹ്നം പ്രാബല്യത്തിൽ ക്രമീകരിച്ചു നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മനോജ് കെ എസ്
അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, തിരുവനന്തപുരം.
2. ശ്രീമതി സുദർശ ആർ., അഡീഷണൽ ഡയറക്ടർ (റിട്ട.), സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് (ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി (File No.: PLGEA-B3/45/2025-PLGEA)

ഉത്തരവിൻ പ്രകാരം
Signed by
Sajith T
സെക്ഷൻ ഓഫീസർ
Date: 13-05-2025 17:13:09